# 4

# നാടറിയാൻ നടപ്പറിയാൻ

ഓരോ പ്രദേശത്തിനും അതിന്റേതായ സാംസ്കാരികവും ചരിത്രപരവുമായ മുദ്രകളുണ്ട്. ഈ മുദ്രകൾ കൂടിയാണ് പ്രസ്തുത പ്രദേശത്തിന്റെ സ്വത്വം നിശ്ചയിക്കുന്നത്.

ഓരോ പ്രദേശത്തിനും ആ പ്രദേശത്തിന്റേതായ സാംസ്കാരികത്തനിമ നിലനിർത്തുന്ന ആഘോഷങ്ങൾ, ഉത്സവങ്ങൾ, നാടൻകളികൾ, സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, കലാരൂപങ്ങൾ എന്നിവയുണ്ട്. ഇത്തരം സാംസ്കാരികവും ചരിത്രപരവുമായ പ്രാദേശികത്തനിമകൾ തിരിച്ചറിയുമ്പോൾ മാത്രമാണ് ആ പ്രദേശത്തെക്കുറിച്ചുള്ള ധാരണകൾ സമഗ്രമാവുന്നത്.

നമ്മുടെ നാടിന്റെ സാംസ്കാരികത്തനിമ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കുകയാണ് ഈ യൂണിറ്റിലൂടെ ലക്ഷ്യമിടുന്നത്. താൻ ജീവിക്കുന്ന പ്രദേശത്തിന്റെ സാംസ്കാരികവും ചരിത്രപരവുമായ സമ്പന്നതകളെ കുറിച്ചുള്ള ധാരണകൾ സമഗ്രമാക്കാനും അതുവഴി അതിനോടുള്ള മമതയും ആദരവും വർധിപ്പിക്കുവാനും ഈ യൂണിറ്റിലൂടെ കടന്നുപോകുന്ന കുട്ടിക്കു കഴിയണം.

തന്റെ പ്രദേശത്തെ ആഘോഷങ്ങളിലും ഉത്സവങ്ങളിലും പങ്കെടുത്തിട്ടുള്ള ആഹ്ലാദകരമായ അനുഭവങ്ങൾ ധാരാളമുള്ളവരാണ് കുട്ടികൾ. ഒപ്പം തന്നെ കളികൾ എന്നത് കുട്ടികൾക്ക് ഏറ്റവും ആഹ്ലാദകരമായ ഒരനുഭവംതന്നെയാണ്. സ്വന്തം പ്രദേശത്തെക്കുറിച്ചുള്ള പ്രാഥമികമായ ധാരണകളും കുട്ടികൾക്കുണ്ട്. ഇത്തരം ആർജിത അറിവുകൾക്കു മുകളിലാണ് ഈ യൂണിറ്റുമായി ബന്ധപ്പെട്ട ആശയരൂപീകരണം നടക്കേണ്ടത്. തന്റെ പ്രദേശത്തെ ആഘോഷങ്ങൾ, നാടൻകളികൾ, ചരിത്രസ്മാരകങ്ങൾ സംഭവങ്ങൾ, സ്ഥലങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും, ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് ആശയരൂപീകരണം നടത്തുകയും ചെയ്യുക എന്നതാണ് ഇവിടെ കുട്ടി ഏറ്റെടുക്കേണ്ട പഠനപ്രവർത്തനങ്ങൾ. പ്രാദേശികചരിത്രവും സംസ്കാരവും എന്ന പഠനപ്രമേയത്തെ ആസ്പദമാക്കിയാണ് പഠനപ്രവർത്തനങ്ങളെയും പഠനസാമഗ്രികളെയും ഈ പാഠത്തിൽ ഒരുക്കിയിട്ടുള്ളത്. ഇത് കുട്ടികൾക്ക് ആസ്വാദ്യകരമായ രീതിയിൽ അവതരിപ്പിക്കുക എന്നതാണ് ഒരധ്യാപികയുടെ ഉത്തരവാദിത്തം.

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ഓരോ പ്രദേശത്തും വൈവിധ്യമാർന്ന ഉത്സവങ്ങളും ആഘോഷങ്ങളും ഉണ്ട്. | • അനുഭവങ്ങൾ പങ്കുവച്ചും ചിത്രങ്ങൾ നിരീക്ഷിച്ചും അഭിമുഖം നടത്തിയും സിഡി നിരീക്ഷിച്ചും പ്രദേശത്തെ വൈവിധ്യമാർന്ന ഉത്സവങ്ങളെകുറിച്ചും ആഘോഷങ്ങളെകുറിച്ചും വിവരങ്ങൾ ശേഖരിക്കുന്നു നിഗമനം രൂപീകരിക്കുന്നു. | • ഉത്സവങ്ങളുടെ അനുഭവ വിവരണം<br>• ആഘോഷങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ<br>• ഉൽസവപ്പതിപ്പ് | • അനുഭവ വിവരണം ടീച്ചറുടെ വിലയിരുത്തൽ<br>• കുറിപ്പ് - പോർട്ട്ഫോളിയോ അസസ്മെന്റ്<br>• അഭിമുഖം കുട്ടിയുടെ പങ്കാളിത്തം ടീച്ചർ |

പഠനസാമഗ്രികൾ :
- കേരളത്തിലെ പ്രധാന ഉൽസവങ്ങളുടെ ചിത്രങ്ങൾ
- സി.ഡി(Rhapsody of colours - തെയ്യം, ആറൻമുള വള്ളംകളി, തൃശ്ശൂർപൂരം, പടയണി)
- വായനാക്കുറിപ്പുകൾ (ഉൽസവങ്ങൾ- തെയ്യം, പടയണി.....),
- വിവിധ ആഘോഷങ്ങളുടെ ചിത്രങ്ങൾ, കുറിപ്പുകൾ.

പ്രതീക്ഷിത സമയം :
- 4 മണിക്കൂർ

**ഞാൻ കണ്ട ഉത്സവം**

കുട്ടികൾ പല ഉത്സവങ്ങളിലും പങ്കെടുത്തിട്ടുണ്ടാകും. അവരുടെ അനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കാൻ അവസരം നൽകേണ്ടതല്ലേ? ഓരോ കുട്ടിയും അവരുടെ ഉത്സവാനുഭവങ്ങൾ അവതരിപ്പിക്കട്ടെ.

ടീച്ചറുടെ അനുഭവങ്ങളും അവതരിപ്പിക്കേണ്ടതല്ലേ?

കുട്ടികളുടെ അവതരണം മെച്ചപ്പെടുത്താൻ ഇത് സഹായകമാകില്ലേ?

**മേഘയുടെ ഡയറി**

മേഘയുടെ ഡയറിക്കുറിപ്പ് (പാഠപുസ്തകം പേജ് 25) കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

വായനയുടെ അടിസ്ഥാനത്തിലുള്ള ലഘുചർച്ചയാകാം. ചർച്ചയിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്താം?

- ഉത്സവക്കാഴ്ചകൾ
- ശബ്ദങ്ങൾ
- ചന്തകൾ
- ബന്ധുമിത്രാദികളുടെ ഒത്തുകൂടൽ

**വ്യത്യാസമെന്ത്?**

- പാഠപുസ്തകത്തിലെ (പേജ് - 26) നിലമ്പൂർ വലിയ കളം പാട്ടുത്സവത്തെകുറിച്ചുള്ള വിവരണം കുട്ടികൾ വായിക്കട്ടെ.

- ഈ ഉത്സവവും കുട്ടികൾ കണ്ട ഉത്സവവും തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണുള്ളത്? എന്ന ചോദ്യം ഉന്നയിക്കാം. വ്യത്യാസങ്ങൾ എന്തൊക്കെയാണെന്ന് കുട്ടികൾ പറയട്ടെ. തുടർന്ന് ഉത്സവങ്ങളിലെ വൈവിധ്യത്തെക്കുറിച്ചുള്ള ലഘു ചർച്ചയാകാം.

**ചിത്രത്തിൽ എന്തൊക്കെ?**

പാഠപുസ്തകം പേജ് 25 ലെ ചിത്രങ്ങൾ ഏതൊക്കെ ഉത്സവങ്ങളുമായി ബന്ധപ്പെട്ടതാണ്?

സ്വന്തമായി കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകണം.

ടീച്ചർ തയാറാക്കിയ/ശേഖരിച്ച കുറിപ്പുകൾ, ചിത്രങ്ങൾ, സി.ഡി എന്നിവ ഇവിടെ ഉപയോഗിക്കാം.

Ref: Rhaposdy of colours - DVD by Kerala Tourism Department.

**പടയണി (പടേനി)**

തെക്കൻ കേരളത്തിൽ പ്രചാരത്തിലുള്ള പ്രാചീന കലാരൂപമാണ് പടയണി. ഗ്രാമദേവതയായ ഭദ്രകാളിയെ പ്രീതിപ്പെടുത്തുന്നതിന് വേണ്ടി ഗ്രാമീണർ ഒന്നടങ്കം ആഘോഷപൂർവ്വം ഈ പരിപാടിയിൽ പങ്കെടുക്കുന്നു. പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ച് കോലങ്ങൾ ഉണ്ടാക്കുന്നു. കുരുത്തോല, പാള എന്നിവ ഉപയോഗിച്ച് പടയണിക്കോലങ്ങൾ ഉണ്ടാക്കി മഞ്ഞൾ, മാവില, കരി എന്നിവ ഉപയോഗിച്ച് നിറങ്ങളും നൽകുന്നു. ആബാലവൃദ്ധംജനങ്ങളും പടയണിക്കോലങ്ങളണിഞ്ഞ് ആർപ്പുവിളികളോടും തപ്പുമേളങ്ങളോടുകൂടി ഭഗവതിയെ എഴുന്നള്ളിച്ചിരുത്തിയതിന് ശേഷം പടയണിപക്കപാട്ടിന്റെ അകമ്പടിയോടെ ചിട്ടയായ താളത്തിൽ പടയണി നൃത്തം അവതരിപ്പിക്കുന്നു. യക്ഷി, ഭൈരവൻ, മറുത തുടങ്ങിയ കോലങ്ങളുടെ അവതരണമാണ് നടക്കുന്നത്. സമകാലിക വിഷയങ്ങളെയും പരാമർശിക്കാറുണ്ട്.

**തെയ്യം**

ഉത്തരകേരളത്തിൽ ഗ്രാമസമൂഹങ്ങൾ ഒന്നടങ്കം പങ്കെടുക്കുന്ന ഒരനുഷ്ഠാനകലാരൂപമാണിത്. വീരപുരുഷൻമാരെയും ഇഷ്ടദൈവങ്ങളെയും സങ്കൽപിച്ചാണ് തെയ്യം കെട്ടിയാടുന്നത്. ദേവീദേവൻമാരുടേയും, ഭൂതം, നാഗം തുടങ്ങിയവയുടേയുമൊക്കെ രൂപങ്ങൾ കെട്ടിയാടുന്ന അനുഷ്ഠാനകല എന്ന് ഇതിനെ വിശേഷിപ്പിക്കാം. അനുഷ്ഠാനപരമായതിനാൽ ഈ കലാരൂപം കെട്ടിയാടുന്നവർക്കും കാർമികനുമൊക്കെ വ്രതശുദ്ധി നിർബന്ധമാണ്. കാവുകളിലാണ് തെയ്യം കെട്ടിയാടുന്നത്. ചില സന്ദർഭങ്ങളിൽ തറവാടുകളിലും തെയ്യം കെട്ടിയാടാറുണ്ട്. വൈവിധ്യമാർന്ന തെയ്യങ്ങളുണ്ട്. മലയൻ, വേലൻ, വണ്ണാൻ, ചിങ്കത്താൻ, മാവിലൻ, പുലയൻ തുടങ്ങിയ സമുദായക്കാരാണ് സാധാരണയായി തെയ്യം കെട്ടിയാടുന്നത്.

**ആറൻമുള വള്ളംകളി**

ആറന്മുള ക്ഷേത്ര പ്രതിഷ്ഠാദിനമായ ചിങ്ങത്തിലെ ഉത്രട്ടാതി നാളിൽ പമ്പയാറ്റിൽ നടന്നുവരുന്ന ജലമേളയാണ് ആറൻമുള വള്ളംകളി. ഇത് ഒരു മൽസരക്കളിയല്ല. ഈ വള്ളംകളി 'ജലത്തിലെ പൂരം' എന്നറിയപ്പെടുന്നു. ആറൻമുള വള്ളംകളിയിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് 'പള്ളിയോടങ്ങൾ' എന്നാണ് പേര്. 32 കരക്കാരുടെ 32 പള്ളിയോടങ്ങളാണ് ഈ ജലഘോഷയാത്രയിൽ പങ്കെടുക്കുന്നത്. അമരത്ത് നെറ്റിപ്പട്ടവും സ്വർണം പൂശിയ കുമിളകളും കൊടികളും മുത്തുകുടകളും വാദ്യമേളങ്ങളുമായി വഞ്ചിപ്പാട്ടുപാടി തുഴഞ്ഞു നീങ്ങുന്ന പള്ളിയോടങ്ങൾ 'ജലത്തിലെ പൂരം' എന്ന വിശേഷണത്തെ അന്വർഥമാക്കുന്നു.

### തൃശൂർപൂരം

ഭഗവതിക്കാവുകളിലാണ് സാധാരണയായി പൂരം നടക്കാറുള്ളത്. പൂരം എന്നാൽ ഉൽസവം എന്നാണർത്ഥം. പൂരത്തിന് പ്രൗഢി നൽകുന്നത് ആനകളാണ്. ചെണ്ടമേളം, പഞ്ചവാദ്യം, കുഴൽവിളി എന്നിവയും, രാത്രി വെടിക്കെട്ടും പൂരത്തിന്റെ പ്രത്യേകതകളാണ്. വേനൽക്കാലരാത്രിയിലെ ഉൽസവം നടക്കുമ്പോഴുള്ള കാഴ്ച ലോകത്തിൽ മറ്റൊരിടത്തും കാണുകയില്ല.

തൃശ്ശൂരിലെ വടക്കുന്നാഥ ക്ഷേത്രത്തിൽ മേടമാസത്തിലെ പൂരം നാളിൽ നടക്കുന്ന തൃശ്ശൂർ പൂരം ലോകപ്രശ്സ്തിയാർജിച്ചതാണ്. തേക്കിൻകാട് മൈതാനത്ത് അനേകം ദേവീദേവൻമാരുടെ എഴുന്നള്ളത്തോടെ നടക്കുന്ന പൂരത്തിലെ ഗജമേളയും കുടമാറ്റവും വെടിക്കെട്ടും പ്രദർശനവും കാണാൻ ലക്ഷങ്ങൾ എത്തുന്നു.

### ഉത്സവങ്ങളിലെ വൈവിധ്യം

പാഠപുസ്തകത്തിലെ ഡയറിക്കുറിപ്പ്, ഉത്സവചിത്രങ്ങൾ, കുട്ടികളുടെ അനുഭവവിവരണം, ഉത്സവവിവരണം എന്നിവയിലൂടെ കുട്ടികൾ കേരളത്തിലെ ഉത്സവങ്ങളിലെ വൈവിധ്യത്തെക്കുറിച്ച് ചില കാര്യങ്ങൾ ഇതിനകം മനസ്സിലാക്കി. ഇനി സ്വന്തം പ്രദേശത്തെ ഉത്സവങ്ങളെക്കുറിച്ച് കുട്ടികൾ അന്വേഷിക്കട്ടെ. അന്വേഷണത്തിലേക്ക് നയിക്കാനായി അവതരിപ്പിക്കുന്ന പഠനപ്രശ്നം എന്തായിരിക്കണം?

- നമ്മുടെ പ്രദേശത്തെ എല്ലാ ഉത്സവങ്ങളും ഒരുപോലെയാണോ? ഇവ തമ്മിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് ഉള്ളത്?

പഠനപ്രശ്നം അവതരിപ്പിക്കപ്പെട്ടുകഴിഞ്ഞാൽ പ്രശ്നപരിഹരണത്തിനാവശ്യമായ മാർഗങ്ങൾ ക്ലാസിൽ ചർച്ചക്കു വിധേയമാക്കണം.

### എന്റെ നാട്ടിലെ ഉത്സവങ്ങൾ - വിവരശേഖരണം.

പ്രാദേശികമായ ആഘോഷങ്ങളെക്കുറിച്ചും ഉത്സവങ്ങളെക്കുറിച്ചും എങ്ങനെ വിവരശേഖരണം നടത്തണം? ക്ലാസിൽ ചർച്ചചെയ്യാം. കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ വിവരശേഖരണരീതി നിശ്ചയിക്കുന്നതായിരിക്കും നല്ലത്.

- വിവരശേഖരണത്തിന്റെ ഭാഗമായുള്ള ടീച്ചറുടെ ആസൂത്രണം എങ്ങനെ?
  - വിവരശേഖരണത്തിനായി സമീപിക്കേണ്ടവരെ കണ്ടെത്തണം, അവരുമായി സംസാരിച്ച് അനുവാദം വാങ്ങണം.
  - റഫറൻസിന് ആവശ്യമായ സാമഗ്രികൾ (പഞ്ചായത്ത് വികസനരേഖ, പ്രദേശിക സ്മരണിക, സിഡി) പരിശോധിച്ച് ആവശ്യമായത്ര എണ്ണം (ഫോട്ടോകോപ്പികൾ) കരുതണം.
- വിവരശേഖരണം എങ്ങനെയൊക്കെ?
  - കുട്ടികളുടെ വീട്ടിലെയോ അയൽപക്കത്തെയോ മുതിർന്നവരിൽ നിന്ന്.
  - പ്രദേശത്തെ മറ്റ് മുതിർന്ന വ്യക്തികളിൽ നിന്ന്.
  - പഞ്ചായത്ത് വികസനരേഖയിൽ നിന്ന്
  - സി.ഡി, വെബ്സൈറ്റ് എന്നിവയിൽ നിന്ന്
  - പ്രാദേശിക സ്മരണികകൾ വഴി.
- എന്തൊക്കെ വിവരങ്ങൾ ശേഖരിക്കണം?

- പ്രദേശത്ത് നിലനിൽക്കുന്ന ആഘോഷങ്ങളും ഉൽസവങ്ങളും ഏതൊക്കെ?
- ഏതൊക്കെ മാസങ്ങളിലാണ് അവ ആഘോഷിക്കുന്നത്?
- പണ്ടുള്ളതിൽ നിന്ന് എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്?

� ശേഖരിച്ച വിവരങ്ങളുടെ രേഖപ്പെടുത്തൽ എങ്ങനെ?

- അഭിമുഖത്തിലൂടെ ശേഖരിച്ച വിവരങ്ങളിൽ ചിലത് പാഠപുസ്തകത്തിലെ കോളങ്ങൾ പൂരിപ്പിക്കാൻ ഉപയോഗിക്കാം. (പാഠപുസ്തകം പേജ് -26 ലെ കലണ്ടർ തയാറാക്കാം എന്ന പ്രവർത്തനത്തിലെ കോളങ്ങൾ) പ്രദേശത്ത് നിലനിൽക്കുന്ന ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവ ഏതൊക്കെ മാസങ്ങളിൽ നടക്കുന്നു തുടങ്ങിയ വിവരങ്ങളായിരിക്കണം പാഠപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടത്.

**കുറിപ്പ് തയാറാക്കൽ**

മുതിർന്നവരിൽ നിന്നും മറ്റും ശേഖരിച്ച വിവരങ്ങൾ ഉപയോഗിച്ച് ഏതെങ്കിലും ഒരു ആഘോഷത്തെയോ ഉൽസവത്തെയോ കുറിച്ച് കുട്ടികൾ വ്യക്തിഗതമായി കുറിപ്പ് തയാറാക്കട്ടെ.

� കുറിപ്പിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടണം?

- ആഘോഷത്തിന്റെ/ഉൽസവത്തിന്റെ പേര്
- ഏതു സമയത്ത് ആഘോഷിക്കുന്നു?
- ആഘോഷിക്കുന്ന രീതി, ചടങ്ങുകൾ.
- മറ്റു പ്രത്യേകതകൾ.

**പത്രം/ പതിപ്പ്**

- കുട്ടികൾ തയാറാക്കിയ കുറിപ്പുകൾ ഉൾപ്പെടുത്തി പ്രാദേശിക ഉത്സവങ്ങളെയും ആഘോഷങ്ങളെയും കുറിച്ചുള്ള ഒരു പത്രം/ പതിപ്പ് നിർമിക്കാമല്ലോ? ചിത്രങ്ങൾ, കൂടുതൽ വിവരങ്ങൾ എന്നിവ കൂടി ചേർത്ത് പത്രം/പതിപ്പ് ആകർഷകമാക്കാൻ ശ്രമിക്കൂ.
- പത്രം/പതിപ്പ് വിശകലനം ചെയ്തുകൊണ്ട് ചർച്ചയിലൂടെ നിഗമനങ്ങൾ രൂപീകരിക്കണം. ഓരോ ഗ്രൂപ്പും നിഗമനങ്ങൾ അവതരിപ്പിക്കട്ടെ. ഇതിന്റെ ക്ലാസ് ക്രോഡീകരണം നടത്തണം.

  ക്രോഡീകരണത്തിൽ എന്തൊക്കെ ഉൾപ്പെടുത്താം?

- ഉത്സവങ്ങളുടേയും ആഘോഷങ്ങളുടെയും വൈവിധ്യം.
- വ്യത്യസ്തമായ രീതികൾ, ചടങ്ങുകൾ
- ആഘോഷിക്കുന്ന കാലയളവിലുള്ള വ്യത്യാസങ്ങൾ
- സാമൂഹികമായ കൂട്ടായ്മയുടെ അന്തരീക്ഷം.
- മനുഷ്യർ ഒത്തുകൂടുന്ന പൊതുഇടം എന്നനിലയിലുള്ള ഉത്സവങ്ങളുടെ പ്രസക്തി.

**വിലയിരുത്തൽ**

ഈ പ്രവർത്തനങ്ങളിലെ ഓരോ ഘട്ടവും വിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. എന്തൊക്കെയാണ് വിലയിരുത്തുക?

- വിവരശേഖരണ പ്രക്രിയ
  - ഗ്രൂപ്പിൽ കുട്ടികളുടെ പങ്കാളിത്തം.
  - ശേഖരിച്ച വിവരങ്ങളുടെ പങ്കുവയ്ക്കൽ.
- ഉൽപ്പന്നം
  - കുറിപ്പിന്റെ ഉള്ളടക്കം, സമഗ്രത.
- ചുമർപത്രം/ പതിപ്പ്
  - ഓരോ ഗ്രൂപ്പിന്റെയും (കുട്ടികളുടെ) പരസ്പര വിലയിരുത്തൽ.

**പത്രം - മികവിന്റെ വഴികൾ**

- കുട്ടികൾ തയാറാക്കുന്ന പത്രങ്ങൾ അച്ചടിക്കാനുള്ള സാധ്യതകൾ എത്രത്തോളമാണ്?
- ക്ലാസിൽ രൂപപ്പെടുന്ന ഉൽപ്പന്നങ്ങൾ (പത്രങ്ങൾ, പതിപ്പുകൾ, ആൽബങ്ങൾ, നിർമിക്കപ്പെട്ട വസ്തുക്കൾ...) ക്ലാസുമുറിയുടെ നാലു ചുമരുകൾക്കകത്ത് ഒതുങ്ങേണ്ടതാണോ? ഇതിന്റെ പ്രദർശന സാധ്യതകൾ ആലോചിക്കൂ..
- ക്ലാസ് പി.ടി.എ യിൽ ഇത്തരം ഉൽപ്പന്നങ്ങളുടെ പ്രദർശനം നടത്തുന്നത് കുട്ടികളുടെ പ്രകടനത്തെ വിലയിരുത്തുവാൻ രക്ഷിതാക്കളെ സഹായിക്കുമോ?
- ക്ലസ്റ്റർ തലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയാലോ? ആസൂത്രണം ചെയ്യൂ.

**ആഘോഷങ്ങൾ കണ്ടെത്താം**

കേരളത്തിലെ വിവിധ ആഘോഷങ്ങളെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ നടക്കണം. (ഓണം, ക്രിസ്മസ്, പെരുന്നാൾ.....) വിവിധ ആഘോഷങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പുകൾ, ചിത്രങ്ങൾ, സി.ഡി എന്നിവ ചർച്ചയുടെ ഭാഗമായി ഉപയോഗപ്പെടുത്തണം. തുടർന്ന് പാഠപുസ്തകത്തിലെ പട്ടിക കുട്ടികൾ വ്യക്തിഗതമായി പൂരിപ്പിക്കട്ടെ. (പേജ്. 27)

**ഉത്സവങ്ങളിൽ**

ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായി ചെയ്യുന്ന കാര്യങ്ങൾ ക്ലാസിൽ ചർച്ചക്കുവിധേയമാക്കണം. എന്തൊക്കെ ചെയ്യാറുണ്ട്?

- അലങ്കാരപ്രവർത്തനങ്ങൾ
- സദ്യ/ഭക്ഷണം ഒരുക്കൽ
- സൗഹൃദസന്ദർശനം
- ബന്ധുമിത്രാദികളുടെ ഒത്തുചേരൽ
- നാടൻകലകളുടെ/കലാപരിപാടികളുടെ അവതരണം
- നാടൻകളികൾ

## നിർമിക്കാം

പ്രാദേശിക ഉൽസവങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായി പലതരം അലങ്കാരപ്രവർത്തനങ്ങളുണ്ട്. ഇവ പരിചയപ്പെടാനുള്ള അവസരം ക്ലാസ്മുറിയിൽ ഒരുക്കേണ്ടതുണ്ട്. എന്തൊക്കെ പരിചയപ്പെടുത്താം?

- കുരുത്തോല കൊണ്ടുള്ള അലങ്കാരങ്ങൾ
- പൂക്കുട
- ക്രിസ്മസ് നക്ഷത്രം.

ഒരു വിദഗ്ധന്റെ സേവനം എങ്ങനെ ക്ലാസ്മുറിയിൽ ലഭ്യമാക്കാം?

സ്കൂളിലെ മറ്റധ്യാപകരോ മറ്റ് സ്കൂളുകളിലെ അധ്യാപകരോ ഇക്കാര്യത്തിൽ നിങ്ങളെ സഹായിക്കില്ലേ?

### ക്രിസ്മസ് നക്ഷത്രം

ആവശ്യമുള്ള സാമഗ്രികൾ

- ചാർട്ട് പേപ്പർ, Tag, പശ
- കത്രിക, സ്കെയിൽ, സിംഗിൾ പഞ്ച്മെഷീൻ.

## നിർമാണരീതി

സമചതുരക്കടലാസ് കോണോടുകോൺ മടക്കുക. വീണ്ടും പകുതിയാക്കി മടക്കിയശേഷം നിവർത്തുക. (ചിത്രം-2) മധ്യഭാഗത്തെ മടക്കിൽ നിന്നും ഒരു സെ.മി താഴെ (ചിത്രം -3)കുത്തിട്ടവരയിലൂടെ സമാന്തരമായി ഒരു മടക്കുണ്ടാക്കുക(ചിത്രം 4)

അധികം വരുന്ന ഫ്ളാപ്പ് ചെറിയ ത്രികോണത്തിന്റെ മുകളിലേക്ക് മടക്കിവെക്കുക. ഷേഡ് ചെയ്ത ഭാഗം മുറിച്ചുമാറ്റണം (ചിത്രം - 5) ചെറിയ ത്രികോണം പുറത്തേക്ക് നിവർത്തുക. ഇടതു വശത്തെ ഫ്ളാപ്പിൽ പശതേച്ച് ഒട്ടിക്കുക. (ഫ്ളാപ്പിന്റെ അടിയിലെ ലെയർ മുറിച്ച് മാറ്റാം) ചിത്രം - 6 ലെ കുത്തിട്ട വരയിലൂടെ മടക്കുക. ചിത്രം -7 ലെ ലെ കുത്തിട്ട വരയിലൂടെ മടക്കിയശേഷം മുറിച്ചുമാറ്റുക.

ചിത്രം-8 ൽ കാണുന്ന വിധം ഒരു സെ.മീ വീതിയിൽ കുത്തിട്ടഭാഗത്തിലൂടെ ഒരു മടക്കുണ്ടാക്കിയശേഷം നിവർത്തുക.

ഇനി ത്രികോണം നിവർത്തിവെച്ചാൽ ചിത്രം - 9 ലെ രൂപം കിട്ടും.

ഷെഡ് ചെയ്തഭാഗം മുറിച്ചുമാറ്റുക (ചിത്രം -10) കോണിനകത്ത് ഇടത് കൈവിരൽ കടത്തി മുകളിൽ നിന്നും താഴെനിന്നും അമർത്തി ചിത്രം - 12 ലെ രൂപത്തിലാക്കുക.

ഇതുപോലെ അഞ്ച് കോണുകൾ ഉണ്ടാക്കണം. ഓരോ കോണുകളിലെയും ഫ്ളാപ്പിൽ പശതേച്ച് മറ്റേകോണിലെ ഫ്ളാപ്പില്ലാത്ത ഭാഗത്ത് ചേർത്ത് ഒട്ടിക്കുക.

ഒന്നാമത്തെയും അഞ്ചാമത്തെയും ഫ്ളാപ്പില്ലാത്തവശങ്ങൾ ടാഗ് ഉപയോഗിച്ച് കെട്ടുകയാണ് വേണ്ടത്. (ടാഗിടുന്ന വശം കീറാതിരിക്കുവാൻ അടിയിൽ ഒരു ചാർട്ട് കഷണം ഒട്ടിച്ച് ബലപ്പെടുത്തണം)

പഞ്ചിംഗ് മെഷീനുപയോഗിച്ച് വിവിധ ഡിസൈനിൽ ദ്വാരങ്ങളിട്ട് ആകർഷകമാക്കാം.

**ക്ലാസിൽ രൂപപ്പെടേണ്ട ഉൽപ്പന്നങ്ങൾ**

- ഉത്സവക്കലണ്ടർ
- കുരുത്തോല അലങ്കാരങ്ങൾ






- പൂക്കൂട
- ക്രിസ്മസ് നക്ഷത്രം

**എന്റെ പരിസര പുസ്തകത്തിലേക്ക്**

- കേരളത്തിലെ ചില പ്രധാന ഉൽസവങ്ങൾ-പട്ടിക
- ഉൽസവക്കുറിപ്പ്
- ഉൽസവങ്ങളെക്കുറിച്ചുള്ള കണ്ടെത്തൽ

## മോഡ്യൂൾ 2

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • നമ്മുടെ പ്രദേശത്തെ കളികളിൽ ചിലത് ഇല്ലാതാവുന്നു. പുതിയ കളികൾ ഉണ്ടായി വരുന്നു. | • കളിയനുഭവങ്ങൾ പങ്കിട്ടും ചില കളികളുടെ ആഖ്യാനം പരിചയപ്പെട്ടും തന്റെ പ്രദേശത്തെ കളികളെക്കുറിച്ച് മുതിർന്നവ്യക്തികളിൽ നിന്നും ദ്വിതീയവിവരശേഖരണം വഴിയും വിവരങ്ങൾ ശേഖരിച്ച് കളികളെക്കുറിച്ച് ആശയരൂപീകരണം നടത്തുന്നു, നിഗമനങ്ങൾ രൂപീകരിക്കുന്നു. | • കളിക്കുറിപ്പുകൾ<br>• താരതമ്യപ്പട്ടിക<br>• കളിക്കലണ്ടർ<br>• കളിപ്പന്ത്<br>• കളിപ്പതിപ്പ്<br>• ആൽബം | • കളിനിയമങ്ങൾ അനുസരിച്ച് കളിക്കൽ -സ്വയം, പരസ്പരം<br>• കളിയുപകരണ നിർമാണം<br>ടീച്ചർ, പരസ്പരം<br>• കളിപ്പതിപ്പ്- പോർട്ട്ഫോളിയോ അസസ്മെന്റ് |

പഠനസാമഗ്രികൾ : • കളിയുപകരണ നിർമാണത്തിനുള്ള വസ്തുക്കൾ
പ്രതീക്ഷിത സമയം : • 5 മണിക്കൂർ

---

### മാണിക്യച്ചെമ്പഴുക്ക

പാഠപുസ്തകത്തിലെ 'മാണിക്യച്ചെമ്പഴുക്ക' എന്ന ഭാഗം കുട്ടികൾ ഗ്രൂപ്പിൽ വായിക്കട്ടെ. വായിച്ചതിനുശേഷം ഈ കളി കുട്ടികൾ കളിക്കട്ടെ. കുട്ടികളുടെ നേതൃത്വപരമായ പങ്ക് കളിയിൽ ഉണ്ടാകണം. കളി ക്ലാസിനു പുറത്താവുന്നതാണ് നല്ലത്.

കളിക്കുശേഷം കളിയെക്കുറിച്ചുള്ള ചർച്ചയാകാം. കളി ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്? കളിയിലെ കൂട്ടായ്മ, പങ്കാളിത്തം, കളി ആഹ്ലാദകരമാണോ? ഈ കളി മറ്റേതെങ്കിലും രൂപത്തിൽ കുട്ടികളുടെ പ്രദേശത്ത് കളിക്കുന്നുണ്ടോ? എന്നീ കാര്യങ്ങൾ ചർച്ചയിൽ ഉൾപ്പെടുത്താം.

### എനിക്കറിയാവുന്ന കളികൾ

- 'മാണിക്യച്ചെമ്പഴുക്ക' പോലെ കുട്ടികൾ ധാരാളം കളികൾ കളിക്കാറുണ്ട്. ഏതൊക്കെയാണവ? കുട്ടികൾ വ്യക്തിഗതമായി പട്ടികപ്പെടുത്തട്ടെ. ഇതിന്റെ ക്ലാസ് ക്രോഡീകരണം നടത്തണം.

ഇതിൽ ഓരോ കളിയുടെയും നിയമങ്ങൾ എന്തൊക്കെ? അത് എങ്ങനെയാണ് കളിക്കുക? ഒന്നോ രണ്ടോ കളികളുടെ വിവരണം ഓരോ ഗ്രൂപ്പും എഴുതി തയാറാക്കട്ടെ. ഇതിന്റെ അവതരണം നടത്താം. ചർച്ച ചെയ്യാം. മറ്റു ഗ്രൂപ്പുകൾക്ക് കൂട്ടിച്ചേർക്കലുകൾ നടത്താം. പിന്നീട് ഈ കളികൾ ഓരോ ഗ്രൂപ്പും കളിക്കട്ടെ.

പാഠപുസ്തകത്തിലെ കളിച്ചിത്രങ്ങളും വിവരണങ്ങളും കുട്ടികൾ വായിക്കട്ടെ. കുട്ടികൾ സ്വതന്ത്രമായി ഗ്രൂപ്പുകളിൽ കളികളിൽ ഏർപ്പെടട്ടെ. ഇവിടെ ടീച്ചറുടെ പങ്ക് എന്തായിരിക്കണം?

**കുട്ടികൾ കളിക്കുമ്പോൾ**

- കുട്ടികളുടെ കളി ടീച്ചർ നിരീക്ഷിക്കണം.
- കളികളിൽ കുട്ടികൾ വരുത്തുന്ന മാറ്റങ്ങൾ (improvisations) നിരീക്ഷിക്കണം.
- കുട്ടികൾ സ്വതന്ത്രമായി കളിക്കുന്നതാണ് നല്ലത്.

**ചില കളികൾ കൂടി**

**ഇലയൂതിക്കളി:**

ആദ്യം ഒരില മണ്ണിൽ മൂടും. കളിക്കുന്നവർ ചുറ്റും നിന്ന് ഊഴംവെച്ച് ഇലയുടെ മുകളിലുള്ള മൺകൂനയിൽ ഊതും. ആര് ഊതുമ്പോഴാണ് മണ്ണു നീങ്ങി ഇല പുറത്തുകാണുന്നത് ആ കുട്ടി ഓടി മറ്റുള്ളവരെ തൊടണം. ഇതാണ് ഇലയൂതിക്കളി. കളിക്കുമ്പോൾ കണ്ണിൽ മണ്ണ് വീഴാതിരിക്കാൻ ശ്രദ്ധിക്കണം.

കാരം കളി

രണ്ടുപേർക്ക് കളിക്കാവുന്നതാണ് ഈ കളി. ഒരു കുട്ടി ഒരു നാണയമോ ചെറിയ കല്ലോ കയ്യിൽ അടച്ചുപിടിച്ച് കുലുക്കും. 'അക്കാപുക്കാ കണ്ണി എത്തേ കൈമെതാരോ പീരോ...' എന്നു പറഞ്ഞുകോണ്ടാണ് ഇതുചെയ്യുക. അതിനുശേഷം ചുരുട്ടിയ കൈപ്പടങ്ങൾ നീട്ടിപ്പിടിക്കും. നാണയം (കല്ല്) ഏതെങ്കിലും ഒരു കയ്യിലായിരിക്കും. ഏതു കയ്യിലാണ് നാണയം ഉള്ളതെന്ന് മറ്റേകുട്ടി പറയണം. ശരിയായില്ലെങ്കിൽ ആ കുട്ടി തോൽക്കും. ശരിയായാൽ ജയിച്ചു. തോൽക്കുന്നതുവരെ ആദ്യത്തെ കുട്ടിക്ക് കളിക്കാം. തോറ്റാൽ അടുത്ത കുട്ടിക്ക് കളിക്കാം. ഇങ്ങനെ മാറി മാറി കളി തുടരും.

**എത്രയെത്ര കളികൾ**

ധാരാളം കളികൾ കുട്ടികൾ കളിച്ചുകഴിഞ്ഞല്ലോ? ഇനി പഠനപ്രശ്നം അവതരിപ്പിക്കാം. കളികളെത്തുടർന്നുള്ള ചർച്ചയിലൂടെ വേണം പഠനപ്രശ്നം അവതരിപ്പിക്കേണ്ടത്. ചർച്ചയുടെ സ്വാഭാവികമായ തുടർച്ചയിൽ തന്നെ പഠനപ്രശ്നം അവതരിപ്പിക്കാൻ ശ്രദ്ധിക്കണം. 'ഇനി നമുക്ക് പഠനപ്രശ്നത്തിലേക്ക് കടക്കാം.' എന്ന രീതയിലുള്ള അവതരണം വേണ്ട.

- പണ്ട് കളിച്ചിരുന്ന എല്ലാകളികളും ഇന്ന് നിങ്ങൾ കളിക്കുന്നുണ്ടോ?
- പുതിയ കളികൾ നിങ്ങളുടെ നാട്ടിൽ പ്രചരിച്ചിട്ടുണ്ടോ?

പ്രശ്നപരിഹരണത്തിനാവശ്യമായ വിവരശേഖരണമാണ് ഇനി നടക്കേണ്ടത്.

പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ വിവരങ്ങൾ ശേഖരിക്കണം? എങ്ങനെയാണ് ശേഖരിക്കുക? എന്നീ കാര്യങ്ങൾ ക്ലാസിൽ ചർച്ചചെയ്യപ്പെടണം.

- പണ്ട് കളിച്ചിരുന്ന കളികൾ ഏതൊക്കെയാണെന്ന് അറിയാൻ വീട്ടിലെ /പ്രദേശത്തെ പ്രായമായ ആളുകളെ സമീപിക്കാം.
- അവരെ ക്ലാസിലേക്ക് വിളിച്ചുവരുത്തി ഒരു അഭിമുഖം സംഘടിപ്പിക്കാം.
- ഇന്ന് കളിച്ചുകൊണ്ടിരിക്കുന്ന കളികൾ ഏതൊക്കെയെന്ന് കുട്ടികൾ മുമ്പേ പട്ടികപ്പെടുത്തിയിട്ടുണ്ട്.

വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകത്തിലെ (പേജ് 31) പട്ടിക പൂർത്തിയാക്കട്ടെ.

- ഈ പ്രവർത്തനം ഗ്രൂപ്പുതലത്തിൽ ചെയ്യുന്നതല്ലേ നല്ലത്?

കുട്ടികൾ അന്വേഷണത്തിലൂടെ തയാറാക്കിയ പട്ടിക അപഗ്രഥിച്ച് നിഗമനങ്ങൾ രൂപീകരിക്കട്ടെ.

- നിഗമനങ്ങളിൽ എന്തൊക്കെ ഉൾപ്പെടാം?

- പണ്ടുകാലത്ത് കളിച്ചിരുന്ന പല കളികളും ഇന്ന് പ്രചാരണത്തിലില്ല.
- പണ്ടുകാലത്തെ കളികളിൽ കാലാകാലങ്ങളായി മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്.
- പല പുതിയ കളികളും ഇന്നു നിലവിൽ വന്നിട്ടുണ്ട്.
- 
- 


കുലാ കുലാ മുന്തിരിങ്ങ.

കുലാ കുലാ മുന്തിരിങ്ങ എന്ന കളി നിങ്ങൾ കളിക്കാറില്ലേ? അത് കളിക്കണമെങ്കിൽ എത്ര ആളും ഉണ്ടാവാം. ആദ്യം എല്ലാവരും വട്ടത്തിലിരിക്കും. എന്നിട്ട് കാക്കയെ നിശ്ചയിക്കും. കാക്ക ഇങ്ങനെ പറയും. "കുലാ കുലാ മുന്തിരിങ്ങ" അപ്പോൾ വട്ടത്തിലിരിക്കുന്നവർ പറയും. "നരി നരി ചുറ്റിവാ"... എന്ന്. പിന്നെ കാക്ക വട്ടത്തിലിരുന്ന ഏതെങ്കിലും ഒരാളുടെ പിന്നിൽ ടവ്വലിടും. പിന്നെ അയാൾ ടവ്വലിട്ട കാക്കയെ പിടിക്കാൻ പായും. ആരുടെ പിന്നിലാണോ കാക്ക ടവ്വലിട്ടത് അയാളുടെ സ്ഥലത്ത് കാക്ക വന്നിരിക്കണം. ഇരിന്നു കഴിഞ്ഞാൽ പിന്നെ തൊടരുത്. അപ്പോൾ പഴയ ആൾ തന്നെ കാക്ക. അഥവാ തൊടാൻ കഴിഞ്ഞാൽ പിന്നെ അവൾ കാക്കയാകും. ഇങ്ങനെ ഇങ്ങനെ കളി തുടരും.

ശ്രേയ.വി.വി.
നാലാം ക്ലാസ്.
ഗവ: എൽ.പി. സ്കൂൾ കണ്ണവം

**കളികൾ....കളികൾ**

കുട്ടിയുടെ നൈസർഗിക സ്വഭാവമാണ് കളി. ഓരോ കുട്ടിയും അവന്റെ സ്വാഭാവിക ഊർജ്ജത്തെ വിനിയോഗിക്കുന്നത് കളിക്കളിലൂടെയാണ്. അവന്റെ ശാരീരികവും മാനസികവുമായ വികാസത്തെ ത്വരിതപ്പെടുത്തുന്നതും കളികളാണ്.

മാനസിക ഉല്ലാസവും ശാരീരിക വ്യായാമവും നൽകുന്നതാണ് കളികൾ. കൂട്ടായ്മയും സഹകരണമനോഭാവവും വളർത്താനും ഊഴം കാത്തിരിക്കാനും കളികളിലൂടെ പരിശീലിക്കുന്നു. കാലാവസ്ഥയും ഭൂപ്രകൃതിയും കളികളെ സ്വാധീനിക്കാറുണ്ട്. വേനൽക്കാലത്തും മഴക്കാലത്തും പ്രത്യേകമായി കളിക്കുന്ന കളികളുണ്ട്. ഇന്നു നമ്മൾ കളിക്കുന്ന ആധുനിക കളികളെല്ലാം തന്നെ പണ്ടുകാലത്ത് കളിച്ചിരുന്ന പലകളികളുടേയും വിപുലീകരിച്ചതും പരിഷ്കരിച്ചതുമായ രൂപങ്ങളാണ്.

കളികളുടെ മറ്റൊരു പ്രത്യേകത അതിന്റെ പ്രാദേശിക ഭേദങ്ങളാണ്. ഒരേ കളിതന്നെ പലസ്ഥലങ്ങളിൽ പല പേരുകളിലും പല രീതികളിലും കളിക്കുന്നു. മാണിക്യച്ചെമ്പഴുക്കാകളി, ചെമ്പഴുക്കാക്കളി എന്നും പഴുങ്ങാക്കളി എന്നും അറിയപ്പെടുന്നു. കുട്ടിയും കോലും കളി അറിയപ്പെടുന്നത് വിവിധപേരുകളിലാണ്. കട്ടിയും കോലും, ഇട്ടിയും കോലും, ലട്ടിയും കോലും, കൊട്ടിയും പൂളും, ഉണ്ടയും കോലും, പൊട്ടയും മണിയും, കോടയും കോലും, ചേരിയും കോലും, ചുള്ളിയും കോലും എന്നിങ്ങനെ .....

അക്കുകളി, ചിക്കുകളി, കക്കുകളി, വട്ടുകളി, കൊത്തൻകളി, സ്ര്ക്കകളി, പാണ്ടികളി, മാടിക്കളി, മലകളിഎന്നിങ്ങനെ പ്രാദേശികമായി പലപേരുകളിൽ അറിയപ്പെടുന്നത് ഒരേ

കളിതന്നെ. കരുവിന്റെ പ്രത്യേകത, ചാടുന്നതിന്റെ തരഭേദം എന്നിവയുടെ അടിസ്ഥാന ത്തിലാണ് പേരിൽ വൈവിധ്യം.

പലകളികളും ഇന്ന് പ്രചാരത്തിലില്ലാതാവുകയാണ്. നാടൻകളികളോട് കുട്ടികൾക്കുള്ള അഭിമുഖ്യം കുറഞ്ഞുവരുന്നതുതന്നെയാണ് പ്രധാന കാരണം.

### കളിപ്പതിപ്പ്

ക്ലാസിൽ ഒരു കളിപ്പതിപ്പ് നിർമിച്ചാലോ?

? പതിപ്പിൽ എന്തൊക്കെയാവാം?

- കുട്ടികൾ തയാറാക്കിയ കളികളുടെ വിവരണം, ചിത്രങ്ങൾ
- നാടൻകളികളെക്കുറിച്ചുള്ള വാർത്തകൾ, ചിത്രങ്ങൾ
- കളിപ്പാട്ടുകൾ

**പതിപ്പ് രൂപപ്പെടുന്ന പ്രക്രിയ വിലയിരുത്തേണ്ടതല്ലേ? പ്രക്രിയ വിലയിരുത്തുമ്പോൾ എന്തൊക്കെ ഘട കങ്ങളാവണം പരിഗണിക്കേണ്ടത്?**

- കുട്ടികളുടെ പങ്കാളിത്തം, വ്യക്തിഗത സൃഷ്ടികൾ.
- മെച്ചപ്പെടുത്താനുള്ള അവസരം
- ലേഔട്ട് നിർദേശങ്ങൾ കുട്ടിയിൽ നിന്ന്.

### കളിക്കലണ്ടർ

പാഠഭാഗത്തിലൂടെ കടന്നു പോയ കുട്ടികൾക്ക് എത്ര കളികൾ കളിക്കാൻ അവസരം കിട്ടി? ഒരു കളിക്കലണ്ടർ നിർമിച്ച് ഇത് രേഖപ്പെടുത്തിയാലോ?

| കളി | കളിച്ച തീയതി |
|---|---|
| | |

കുട്ടികൾ അവരുടെ പരിസരപുസ്തകത്തിൽ പട്ടികവരച്ച് അവർ കളിച്ച കളിയുടെ പേരും കളിച്ച തീയതിയും രേഖപ്പെടുത്തട്ടെ.

### നിർമിക്കാം

കുട്ടികൾ ഓലക്കണ്ണി ഉപയോഗിച്ച് ഓലപ്പന്ത് നിർമിക്കട്ടെ. ടീച്ചറുടെ/വിദഗ്ധന്റെ സഹായം ലഭ്യമാക്കണം. അതുപയോഗിച്ച് കളിക്കാവുന്ന കളികൾ ഏതൊക്കെയെന്ന് കുട്ടികൾ പറയട്ടെ. മറ്റു കളിയുപകരണങ്ങൾ നിർമിക്കാനുള്ള അവസരങ്ങളും കുട്ടികൾക്ക് ലഭിക്കേണ്ടതല്ലേ? മറ്റെന്തൊക്കെ കളിയുപകരണങ്ങൾ നിർമിക്കാം?

- ഓലപ്പീപ്പീ
- കാറ്റാടി
-
-

- പ്ലാവിലത്തൊപ്പി
- ഡൈസ്

*Ref:* കുഞ്ഞുകളിപ്പാട്ടങ്ങൾ- അരവിന്ദ്ഗുപ്ത NBT

കളിയും കാര്യവും - ഒരു സംഘം ലേഖകർ KSSP

**ശേഖരിക്കാം**

- കേരളത്തിലെ ആഘോഷങ്ങൾ, ഉൽസവങ്ങൾ, നാടൻകളികൾ, നാടൻകലകൾ എന്നിവയുടെ വാർത്തകൾ, ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ഒരു ആൽബം തയാറാക്കട്ടെ.

**രൂപപ്പെടേണ്ട ഉൽപ്പന്നങ്ങൾ**

- കളിക്കലണ്ടർ
- കളിയുപകരണങ്ങൾ
- ആൽബം

**എന്റെ പരിസരപുസ്തകത്തിലേക്ക്**

- കളികളുടെ ലിസ്റ്റ്
- കളികളുടെ തരം തിരിച്ച പട്ടിക
- കളികളുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ.
- കളികളുടെ കുറിപ്പുകൾ
- കളിയുപകരണങ്ങളുടെ നിർമാണരീതി.

**മോഡ്യൂൾ 3**

**പ്രശ്ന മേഖല: സാംസ്കാരികത്തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്രവികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • പല പ്രദേശങ്ങളിലും സാംസ്കാരികമായും ചരിത്രപരമായും പ്രാധാന്യമുള്ള വ്യക്തികൾ, സ്മാരകങ്ങൾ, സംഭവങ്ങൾ, സ്ഥലങ്ങൾ എന്നിവ ഉണ്ട്/ഉണ്ടായിരുന്നു. | • മുതിർന്നവരുമായുള്ള ആശയവിനിമയത്തിലൂടെയും വായനാസാമഗ്രികളിലൂടെയും തങ്ങളുടെ പ്രദേശത്തെ ചരിത്രസംഭവങ്ങൾ വ്യക്തികൾ, സ്മാരകങ്ങൾ സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു, ആശയരൂപീകരണം നടത്തുന്നു. | • കുറിപ്പ്<br>• യാത്രാകുറിപ്പ്<br>• പ്രാദേശിക ചരിത്രക്കുറിപ്പുകൾ | • അഭിമുഖ ചോദ്യാവലിയുടെ മികവ്<br>• കുറിപ്പ് - ആശയബന്ധം - വിലയിരുത്തൽ<br>• ഫീൽഡ് ട്രിപ്പ് - ശേഖരിച്ച വിവരങ്ങളുടെ മികവ്. |

പഠനസാമഗ്രികൾ : • ചുമടുതാങ്ങി (അത്താണി),കുടക്കല്ല് എന്നിവയെക്കുറിച്ചുള്ള കുറിപ്പുകൾ
• ചരിത്രസ്മാരകങ്ങളുമായി ബന്ധപ്പെട്ട പത്രവാർത്തകൾ

പ്രതീക്ഷിത സമയം : • 3 മണിക്കൂർ

**എന്റെ അഭിപ്രായം**

പാഠപുസ്തകത്തിലെ (പേജ് 33) പത്രവാർത്ത കുട്ടികൾ വായിക്കട്ടെ. ചിത്രം നിരീക്ഷിക്കട്ടെ.

തുടർന്ന് മാളുവിന്റെയും അച്ഛന്റെയും അഭിപ്രായങ്ങളും വായിക്കട്ടെ.

ഈ അഭിപ്രായങ്ങളോട് കുട്ടികൾ പ്രതികരിക്കട്ടെ.

- ഇതിൽ ഏത് അഭിപ്രായത്തോടാണ് നിങ്ങൾ യോജിക്കുന്നത്?
- എന്തുകൊണ്ട്?

അഭിപ്രായങ്ങളെ ന്യായീകരിക്കുന്നതിനാവശ്യമായ വിവരങ്ങൾ പത്രവാർത്തവായിച്ചാൽ ലഭിക്കും. ഇതിന് കുട്ടിയെ പ്രേരിപ്പിക്കുന്നതരത്തിലുള്ള ചർച്ചകളും ആവാം.

- കടൽപ്പാലത്തിന്റെ ചരിത്രപ്രാധാന്യം
- അത് മനുഷ്യർക്ക് ചെയ്ത സേവനങ്ങൾ

**അന്വേഷിച്ചു കണ്ടെത്താം**

കുട്ടികൾ ചിത്രം നിരീക്ഷിക്കട്ടെ. (പാഠപുസ്തകം പേജ് 34) ചിത്രത്തിലുള്ളതെന്ത് എന്നതിനെക്കുറിച്ചുള്ള ചർച്ച ക്ലാസിൽ നടക്കണം. ആവശ്യമായ വിവരങ്ങൾ കുട്ടികൾക്ക് ടീച്ചർ നൽകണം.

**അത്താണി (ചുമടുതാങ്ങി)**

*ആളുകൾ കാൽനടയായി യാത്രചെയ്തിരുന്ന കാലത്ത് വലിയ ചുമടുകൾ തലയിലേറ്റിയാണ് ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്കു കോണ്ടുപോയിരുന്നത്. ദീർഘയാത്രകളിൽ ക്ഷീണിതരാവുമ്പോൾ അവർ ചുമട് ഇറക്കിവെച്ച് വിശ്രമിച്ചിരുന്നു. ഇങ്ങനെ ചുമട് ഇറക്കിവെക്കാൻ വഴിവക്കിൽ ചെങ്കല്ലുകൊണ്ടോ കരിങ്കല്ലുകൊണ്ടാ കെട്ടിയുണ്ടാക്കുന്നവയാണ് അത്താണികൾ (ചുമടുതാങ്ങി). ചില അത്താണികൾ കരിങ്കൽക്കാലുകളിൽ പരന്ന ഒരു കരിങ്കൽപാളിവെച്ച് നിർമിക്കപ്പെട്ടതാണ്. ഏകദേശം ഒരാൾ പൊക്കത്തിലാണ് ഇത് നിർമിച്ചിരുന്നത്. അതുകൊണ്ട് തലയിൽ നിന്ന് നേരിട്ട് ചുമടുതാങ്ങിയിലേക്കും തിരിച്ച് തലയിലേക്കും മറ്റൊരാളുടെ സഹായമില്ലാതെതന്നെ ചുമട് മാറ്റാൻ കഴിയുന്നു. ചില ചുമടുതാങ്ങികൾക്കടുത്തായി യാത്രക്കാർക്ക് സൗജന്യമായി കുടിവെള്ളവും സംഭാരവും ലഭിക്കുന്ന തണ്ണീർപ്പന്തലുകൾ ഉണ്ടായിരുന്നു.*

**കുടക്കല്ലുകൾ**

*പ്രാചീന കേരളത്തിലെ ശവക്കല്ലറകളുടെ ഒരു വകഭേദമാണ് കുടക്കല്ലുകൾ. പുരാതന കാലത്ത് ശവം സംസ്കരിച്ചതിനുശേഷം അസ്ഥികളും മറ്റും സ്ഥാപിക്കാൻ കല്ലറകൾ കെട്ടിയിരുന്നു. സംസ്കാരസ്ഥലം സൂചിപ്പിക്കാൻ കൂറ്റൻ കല്ലുകളും സ്ഥാപിച്ചിരുന്നുവത്രേ. പൊതുവിൽ ഇവയെ മഹാശിലാസ്മാരകങ്ങൾ എന്നു പറയുന്നു. കൊടങ്കല്ലറകൾ, നെടുങ്കല്ലുകൾ, പഴുതറകൾ, കുടക്കല്ലുകൾ, തൊപ്പിക്കല്ലുകൾ മുതലായവയായി കേരളത്തിലെ പല ദിക്കിൽ നിന്നുമായി ഇത്തരം സ്മാരകങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. തൊപ്പിയുടെ ആകൃതിയിലുള്ളവയെ തൊപ്പിക്കല്ലുകൾ എന്നും, കുടയുടെ ആകൃതിയിലുള്ളവയെ കുടക്കല്ലുകൾ എന്നും പറയുന്നു. തൃശൂർ ജില്ലയിലെ ചെങ്കൽ പ്രദേശങ്ങളിൽ കാണുന്നവ കുടക്കല്ലുകളും തൊപ്പിക്കല്ലുകളുമാണ്. ഇവയുടെ മുകളിൽ അർധഗോളാകൃതിയിലുള്ള കടുത്ത ചെങ്കൽപ്പാളിയുണ്ട്. അതിനു കീഴിൽ ചെങ്കൽ തുരന്നുണ്ടാക്കിയ ഗുഹ കാണാം. മലബാറിൽ പലേടത്തും ഇത്തരം കുടക്കല്ലുകൾ കാണാം.*

ഇത്തരം സ്മാരകങ്ങളുടെ പ്രാദേശിക സാധ്യതകൾ ടീച്ചർക്ക് റിസോഴ്സ് മെറ്റീരിയലായി ഉപയോഗപ്പെടുത്താവുന്നതാണ്.

പാഠപുസ്തകത്തിലെ പത്രവാർത്തയെയും ചിത്രങ്ങളെയും (പേജ് 34) അടിസ്ഥാനപ്പെടുത്തി ക്ലാസിൽ ചർച്ച നടക്കണം.

ചർച്ചയെത്തുടർന്ന് പഠനപ്രശ്നം അവരിപ്പിക്കാം.

- ❓ ഇതുപോലെ നിങ്ങളുടെ നാട്ടിലുള്ള ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, സ്മാരകങ്ങൾ, വ്യക്തികൾ ഏതൊക്കെയാണ്?

**വിവരശേഖരണം**

- ❓ എന്തൊക്കെ വിവരങ്ങൾ ശേഖരിക്കാം?
- പ്രദേശത്തെ ചരിത്രസ്മാരകങ്ങൾ അതിന്റെ പ്രാധാന്യം.
- വിദ്യാലയം - അതിന്റെ ചരിത്രം
- വ്യക്തികൾ - അവരുടെ ചരിത്രപരമായ പ്രാധാന്യം.
- സ്ഥാപനങ്ങൾ - അതിന്റെ ചരിത്രപരമായ പ്രാധാന്യം.
- ❓ ഈ വിവരങ്ങൾ ശേഖരിക്കാൻ ഏതൊക്കെ സ്രോതസ്സുകൾ ഉപയോഗിക്കാം?
- അഭിമുഖം
- പഞ്ചായത്ത് വികസനരേഖ
- പ്രാദേശിക സ്മരണികകൾ
- ❓ ആരെയാക്കെയാണ് വിവരശേഖരണത്തിന്റെ ഭാഗമായി കാണേണ്ടത്?
- പ്രദേശത്തെ മുതിർന്നവ്യക്തികൾ
- വായനശാലാപ്രവർത്തകർ
- സ്കൂൾ ഹെഡ്മാസ്റ്റർ
- വാർഡ് മെമ്പർ



തൊടീക്കളം നീലകണ്ഠി ഭഗവതി ക്ഷേത്രത്തിന് സമീപമുള്ള ഗുഹ

തൊടീക്കളം നീലകണ്ഠി ഭഗവതി ക്ഷേത്രത്തിന് തെക്കുഭാഗത്തുള്ള തൊടീക്കളം-മൊടോളി റോഡിൽനിന്നും ഏകദേശം 100 മീറ്റർ തെക്കുഭാഗത്ത് പോയാൽ വളരെ പ്രാചീനമായ ഒരു ഗുഹ കാണാം. ഈ ഗുഹയ്ക്കുള്ളിൽ 5 പേർക്ക് സുഖമായി ഇരുന്ന് വിശ്രമിക്കാനുള്ള സൗകര്യമുണ്ട്. ഗുഹയുടെ മദ്ധ്യത്തിൽ കോണാകൃതിയിലുള്ള മനോഹരമായ കല്ലിൽ കൊത്തിയ ഒരു തൂണുണ്ട്. ഈ ഗുഹയ്ക്ക് ഏകദേശം ആയിരം വർഷത്തെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. ചിലർ ഗുഹയുടെ ചിത്രം ക്യാമറയിൽ പകർത്തിയിട്ടുണ്ട്. ഈ ഗുഹ ആരെയും ആകർഷിക്കും. സിനിമാസംവിധായകൻ ഹരിഹരൻ സാർ പഴശ്ശിരാജയുടെ ഷൂട്ടിങ്ങിന് വേണ്ടി ഈ ഗുഹയുടെ ചിത്രം ക്യാമറയിൽ പകർത്താൻ വന്നു.

★ മൂന്നോ നാലോ പേരുള്ള ഗ്രൂപ്പുകളാണ് വിവരശേഖരണം നടത്തേണ്ടത്. ഓരോ ഗ്രൂപ്പിനും ഓരോ വിഷയം വീതിച്ചു നൽകണം.

ഗ്രൂപ്പ് 1 : വിദ്യാലയം

ഗ്രൂപ്പ് 2 : വായനശാല

ഗ്രൂപ്പ് 3 : ചരിത്രസ്മാരകം

ഗ്രൂപ്പ് 4 : പ്രമുഖവ്യക്തി.

★ ഓരോ ഗ്രൂപ്പിനും അനുയോജ്യമായ വിവരശേഖരണ രീതി തിരഞ്ഞെടുക്കാൻ ടീച്ചർ സഹായിക്കേണ്ടതുണ്ട്.

വിവരശേഖരണത്തിനുള്ള സാമഗ്രികൾ, ഉപാധികൾ എന്നിവ ടീച്ചറുടെ നേതൃത്വത്തിൽ രൂപീകരിക്കുകയോ ശേഖരിക്കുകയോ ചെയ്യണം.

ഉദാ.
- അഭിമുഖ ചോദ്യാവലി
- പഞ്ചായത്ത് വികസനരേഖ
- പ്രാദേശിക സ്മരണിക.

ഒരു പ്രാദേശികവിഭവ ഭൂപടം തയാറാക്കാനായിരുന്നു എന്റെ ശ്രമം.



എന്റെ സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെപ്പറ്റി എനിക്ക് ആദ്യം അത്രയധികമൊന്നും അറിയില്ലായിരുന്നു. പക്ഷേ ക്ലാസ്മുറിയിലെ പ്രവർത്തനങ്ങൾക്ക് പ്രദേശത്തെപ്പറ്റിയും അവിടെയുള്ള പ്രാദേശികവിഭവങ്ങളെപ്പറ്റിയും അറിയേണ്ടത് ആവശ്യമായിരുന്നു. ഞാൻ SRG യിൽ ഈ പ്രശ്നം ഉന്നയിച്ചു. ഒടുവിൽ എന്റെ സഹപ്രവർത്തകരുടെ സഹകരണത്തോടെ SSG യുടെ യോഗം വിളിച്ചുചേർത്തു. SSG, PTA, SRG എന്നിവയുടെ സഹകരണത്തോടെയും സഹായത്തോടെയും ഞാൻ ലക്ഷ്യം സാധിച്ചു. ഇന്ന് എന്റെ വിദ്യാലയത്തിൽ ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് സഹായകമായ വിവരങ്ങൾ ലഭിക്കുന്ന വിവിധ മേഖലകളിൽ കഴിവുതെളിയിച്ച ആളുകൾ, പ്രാദേശിക വിദഗ്ധർ, പ്രധാനവ്യക്തികൾ, പൊതുസ്ഥാപനങ്ങൾ, അവയിൽ നിന്നു കിട്ടുന്ന വിവരങ്ങളെന്തൊക്കെ, സ്ഥലങ്ങൾ, അവയുടെ സ്ഥാനം എന്നിവയൊക്കെ ഉൾപ്പെടുന്ന ഒരു പട്ടിക തയാറാക്കിയിട്ടുണ്ട്. പലപ്പോഴും ഇത്തരം വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സേവനം ഞാൻ എന്റെ കുട്ടികൾക്ക് ലഭ്യമാക്കാറുണ്ട്.

**അഭിമുഖം നടത്തുമ്പോൾ**

- അഭിമുഖം നടത്തേണ്ട വ്യക്തി ആരെന്ന് മുൻകൂട്ടി നിശ്ചയിക്കണം. ശേഖരിക്കേണ്ട വിവരങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാവണം ഇത് നിശ്ചയിക്കേണ്ടത്.
- അദ്ദേഹത്തിന് സൗകര്യപ്രദമായ സ്ഥലവും സമയവും നോക്കി അഭിമുഖം നടത്തേണ്ടത്. (സ്കൂളിൽ/ക്ലാസിൽ, വ്യക്തിയുടെ വീട്ടിൽ, വായനശാലയിൽ, ഓഫീസിൽ....)
- അഭിമുഖം നടത്തുന്നതിനു മുമ്പ് എന്തൊക്കെ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട് എന്ന് നിശ്ചയിക്കണം. ഈ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കണമെന്ന് തീരുമാനിക്കുകയും ചോദ്യാവലി രൂപീകരിക്കുകയും വേണം. കുട്ടികളുമായി ചർച്ച ചെയ്ത് അവരുടെ പങ്കാളിത്തത്തോടെയായിരിക്കണം ചോദ്യാവലി തയാറാക്കേണ്ടത്.
- അഭിമുഖം നടത്തുന്നത് സ്വാഭാവികമായ രീതിയിൽ ആവുന്നതാണ് നല്ലത്. ചോദ്യങ്ങൾ ചോദിക്കുന്നതിൽ തുടർച്ച പാലിക്കൽ, ഉപചോദ്യങ്ങൾ ഉന്നയിക്കൽ എന്നീ കാര്യങ്ങളും ശ്രദ്ധിക്കണം. ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഏതെങ്കിലും കുട്ടികളുടെ മേൽക്കൈ ഉണ്ടെങ്കിൽ ഒഴിവാക്കണം. എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഉണ്ടാകുന്നതരത്തിൽ ചോദ്യങ്ങളുടെ വിതരണം ഉറപ്പാക്കണം.
- ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരങ്ങൾ/വിശദീകരണങ്ങൾ, കുറിപ്പുകൾ രേഖപ്പെടുത്തണം. ടീച്ചറും കുറിപ്പുകൾ തയാറാക്കുന്നത് നന്നായിരിക്കും. കുട്ടികൾക്ക് വിട്ടുപോകുന്ന വിവരങ്ങൾ പിന്നീട് നൽകാൻ ഇത് ടീച്ചറെ സഹായിക്കും. ഈ കുറിപ്പുകളെ വിപുലീകരിച്ചാണ് വിവരണം തയാറാക്കുന്നത്.

വിവരം ശേഖരിക്കേണ്ട പ്രദേശം ഏതെന്ന നിശ്ചയിക്കണം. സകൂളും അതിനോടു ചേരന്നു വരുന്ന പ്രദേശവും മതിയാകുമല്ലോ?

സ്കൂൾ സ്ഥിതി ചെയ്യുന്ന വാർഡായാലും മതി.

അവതരണം

ഓരോ ഗ്രൂപ്പും ശേഖരിച്ച വിവരങ്ങൾ അവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകൾക്ക് സംശയങ്ങൾ/ ചോദ്യങ്ങൾ ഉന്നയിക്കാം. ചോദ്യങ്ങൾക്ക് ആവശ്യമായ വിശദീകരണം അവതരിപ്പിച്ച ഗ്രൂപ്പ് നൽകണം. അവതരണത്തിന്റെയും തുടർന്നുള്ള ചർച്ചയിലൂടെയും അടിസ്ഥാനത്തിൽ ഓരോഗ്രൂപ്പിനും അവരുടെ രചനകൾ മെച്ചപ്പെടുത്താം. മെച്ചപ്പെടുത്തിയ രചനകൾ എങ്ങനെയൊക്കെ പ്രസിദ്ധീകരിക്കാം?

- കുട്ടികൾ തയാറാക്കിയ രചനകൾ ക്രോഡീകരിച്ച് ആമുഖം ചേർത്ത് ഒരു ചരിത്രരേഖയായി പ്രസിദ്ധീകരിക്കാം.
- സ്കൂൾ ബാലസഭയുടെ പ്രസിദ്ധീകരണ സംരംഭമായാലോ?
- അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന്റെ സാധ്യത ആലോചിക്കൂ.
- പ്രാദേശിക ആഘോഷങ്ങൾ, കളികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ കൂട്ടിച്ചേർത്ത് രേഖ സമ്പുഷ്ടമാക്കാം.

**എന്തൊക്കെ വിലയിരുത്തണം?**

- കുട്ടികളുടെ അവതരണവും മറ്റു കുട്ടികളുടെ പ്രതികരണം.
- കുട്ടികളുടെ അവതരണശൈലി, അവതരിപ്പിച്ച വിഷയത്തിന്റെ ആഴം എന്നിവ.
- മറ്റു കുട്ടികളുടെ ചോദ്യങ്ങൾ, ചോദ്യത്തിന്റെ നിലവാരം, പങ്കാളിത്തം എന്നിവ.

**പഠനയാത്ര**

കുട്ടികൾ അവരുടെ വിവരശേഖരണത്തിന്റെ ഭാഗമായി കണ്ടെത്തിയ സ്ഥലം, സ്മാരകം, സ്ഥാപനം എന്നിവിടങ്ങളിലേക്ക് ഒരു യാത്രയായാലോ? തുടർന്ന് യാത്രാവിവരണവും തയാറാക്കുന്നത് നന്നായിരിക്കും.

**രൂപപ്പെടേണ്ട സൃഷ്ടികൾ**

- പ്രാദേശിക ചരിത്രക്കുറിപ്പുകൾ

**എന്റെ പരിസര പുസ്തകത്തിലേക്ക്**

- അഭിമുഖത്തിനുള്ള ചോദ്യാവലി
- ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തയാറാക്കിയ കുറിപ്പ്
- മെച്ചപ്പെടുത്തിയ കുറിപ്പ്
- യാത്രാവിവരണം.

റഫറൻസ്


- ഇയർ ബുക്ക് - മാതൃഭൂമി, മനോരമ
- ഭാരതത്തിലെ നാടൻകളികൾ
- സ്പോർട്സ് എൻസൈക്ലോപീഡിയ - കറന്റ് ബുക്സ്, തൃശൂർ.